കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്-ആസ്തിവികസനം-വടക്കാഞ്ചേരി നിയോജകമണ്ഡലം-ആയുർവേദ ഡിസ്പെൻസറി പുനരുദ്ധാരണം(വാർഡ് 17)-ഭരണാനുമതി - ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം.153/19/തസ്വഭവ തിരുവനന്തപുരം, തീയതി:25.01.2019

---

പരാമർശം- 1. 26.06.2018 ലെ സർക്കാർ ഉത്തരവ്(സാധാ.)നം.1729/2018/തസ്വഭവ .

2. ബഹു.വടക്കാഞ്ചേരി എം.എൽ.എ യുടെ 13/08/2018 ലെ കത്ത്

**ഉത്തരവ്**

വടക്കാഞ്ചേരി നിയോജകമണ്ഡലത്തെ പ്രതിനിധികരിക്കുന്ന ശ്രീ.അനിൽ അക്കര എം.എൽ.എ യുടെ 2016-17 വർഷത്തെ ആസ്തിവികസന പദ്ധതിയിൽ നിന്നും കോലഴി ഗ്രാമ പഞ്ചായത്തിലെ ആയുർവേദ ഡിസ്പെൻസറി പുനരുദ്ധാരണം (വാർഡ് 17) എന്ന പ്രവൃത്തിയ്ക്ക് 25 ലക്ഷം രൂപയ്ക്ക് (ഇരുപത്തിയഞ്ച് ലക്ഷം രൂപ മാത്രം) കോലഴി ഗ്രാമ പഞ്ചായത്തിലെ എഞ്ചിനീയറിംഗ് വിഭാഗത്തെ നിർവ്വഹണ ഏജൻസിയായി ചുമതലപ്പെടുത്തിക്കൊണ്ട് പരാമർശം ഉത്തരവ് പ്രകാരം ഭരണാനുമതി നല്കിയിരുന്നു. എന്നാൽ കോലഴി ഗ്രാമ പഞ്ചായത്തിലെ എഞ്ചിനീയറിംഗ് വിഭാഗത്തിന് മേൽ നോട്ട ചുമതലയാണുള്ളതെന്നും നിർവ്വഹണ ചുമതല ജില്ലാ പഞ്ചായത്തിലെ എഞ്ചിനീയറിംഗ് വിഭാഗത്തിനാണെന്നും അപ്രകാരം ഉത്തരവാകണമെന്നും പരാമർശം (2) ലൂടെ ബഹു.എം.എൽ.എ സർക്കാരിനോടഭ്യർത്ഥിച്ചിരുന്നു.

2)സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോലഴി ഗ്രാമ പഞ്ചായത്തിലെ ആയുർവേദ ഡിസ്പെൻസറി പുനരുദ്ധാരണം(വാർഡ് 17) എന്ന പ്രവൃത്തിയുടെ നിർവ്വഹണ ചുമതല തദ്ദേശ സ്വയം ഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിന് നല്കികൊണ്ട് പരാമർശ ഉത്തരവ് ഭേദഗതി വരുത്തി ഉത്തരവാകുന്നു.

3. ഇതിനാവശ്യമായ ചെലവ് 4515-00-800-96 അണ്ടർ എൽ.എ.സി-എ ഡിഎസ് എന്ന ശീർഷകത്തിൽ നിന്നും നിറവേറ്റേണ്ടതാണ്.

4. പരാമർശത്തിലെ സർക്കാർ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

ശ്രീ.അനിൽ അക്കര എം.എൽ.എ(ആമുഖ കത്ത് സഹിതം)
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണവകുപ്പ് തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ),കേരളം തിരുവനന്തപുരം
എക്സിക്യൂട്ടിവ് ഡയറക്ടർ. ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം.
സെക്രട്ടറി കോലഴി ഗ്രാമ പഞ്ചായത്ത്
ത.സ്വ.ഭ.വ(ഒ.എസ്)വകുപ്പ്(ഡി.ബി.2/416/2018/ത.സ്വ.ഭ.വ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ